## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2323 08.07.2015 - ൽ മറുപടിക്ക്

## ജല അതോറിറ്റിയുടെ അദാലത്തുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.വർക്കല കഹാർ | | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജല അതോറിറ്റി അദാലത്തുകൾ നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഏതെല്ലാം തലങ്ങളിലാണ് ജല അതോറിറ്റി അദാലത്തുകൾ നടത്തിയിട്ടുള്ളത്; | (ബി) | ജില്ലാ തലങ്ങളിലാണ് റവന്യൂ അദാലത്തുകൾ നടത്തിയിട്ടുള്ളത്. |
| (സി) | പ്രസ്തുത അദാലത്തുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (സി) | ഉപഭോക്താക്കളുടെ കുടിവെള്ള ചാർജ്ജിനെ സംബന്ധിച്ച് ഏറെക്കാലമായി പരിഹരിക്കപ്പെടാതെ കിടക്കുന്ന പരാതികൾ പരിഹരിക്കുന്നതിനും പ്രവർത്തനരഹിതമായ മീറ്റർ കാരണമുള്ള പിഴപ്പലിശ, കണക്ഷനുകളുടെ കാറ്റഗറി മാറിയതുമൂലം വന്ന അധിക ചാർജ്ജ് എന്നീ മുൻ കാല പരാതികൾ ഉപഭോക്താക്കൾക്ക് നേരിട്ട് ജല അതോറിറ്റിയുമായി പരസ്പര ധാരണയിലെത്തി അപാകതകൾ ഒഴിവാക്കി കുടിശ്ശികയിലെ പിഴപ്പലിശയിൽ ഇളവ് നൽകുന്നതിനും ഭീമമായ കുടിശ്ശികകൾക്ക് തവണ വ്യവസ്ഥ നൽകുവാനും വാട്ടർ ചാർജ്ജ് സമാഹരണത്തിനും വേണ്ടിയാണ് അദാലത്തുകൾ നടത്തിയത്. |
| (ഡി) | അദാലത്തുകളിൽ ഏതെല്ലാം തരത്തിലുള്ള പരാതികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അവയ്ക്ക് എന്തെല്ലാം പരിഹാരങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ? | (ഡി) | ഉപഭോക്താക്കളുടെ വാട്ടർ കണക്ഷനിലെ പ്രത്യക്ഷമല്ലാത്ത ലീക്കുകൾ മൂലമുള്ള അമിത വാട്ടർ ചാർജ്ജ്, വെള്ളം ലഭിക്കാതിരുന്ന സമയത്തുള്ള വാട്ടർ ചാർജ്ജ് ബില്ലുകൾ, മീറ്റർ പ്രവർത്തനരഹിതമായ സമയത്തുള്ള അമിതമായ |

വാട്ടർ ചാർജ്ജ് ബില്ലുകൾ, കാറ്റഗറി മാറിയതുമൂലമുള്ള അമിതമായ കുടിശ്ശിക തുകയുള്ള ബില്ലുകൾ, കണക്ഷൻ വിഛേദിച്ചിട്ടും യഥാസമയം ഡിസ്കണക്ഷൻ ഫീസ് അടയ്ക്കാത്തതിനാൽ കുടിശ്ശിക നിലനിന്നതിനാലുണ്ടായ ബില്ലുകൾ, ജലവിതരണം നിലച്ചിട്ടും ഡിസ് കണക്ഷൻ ഫീസ് അടയ്ക്കാത്തതിനാൽ കുടിശ്ശിക നിലനിൽക്കുന്നവ എന്നിങ്ങനെയുള്ള പരാതികളാണ് അദാലത്തിന് മുമ്പാകെ ഉപഭോക്താക്കൾ അവതരിപ്പിച്ചത്.

ഗാർഹികേതര കണക്ഷനിലെ ദീർഘകാല കുടിശ്ശികകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പലിശയിളവ് അനുവദിച്ചു.

ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ മീറ്റർ, വായുവിന്റെ സമ്മർദ്ദം മൂലം കറങ്ങിയത് സ്ഥലം പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ ഇളവ് നൽകിയിട്ടുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഉപഭോക്താക്കൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കി. 50 കിലോ ലിറ്ററിന് മുകളിൽ ജല് ചോർച്ചമൂല്ലമുള്ള ഉയർന്ന നിരക്കിന് ഇളവ് അനുവദിച്ചു. മറ്റു പരാതികളും ഉപഭോക്താക്കളുമായുള്ള ആശയവിനിമയത്തിന്റെ അടിസ്ഥാനത്തിൽ നില വിലുള്ള ചട്ടങ്ങളുടേയും നിയമങ്ങളുടേയും അടിസ്ഥാനത്തിൽ പരിഹരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ